# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7626 15/07/2014ൽ മറുപടിക്ക്

**ഒഴിവുകൾ കൃത്യമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി**

ചോദ്യം :

ശ്രീ. എ.റ്റി.ജോർജ്ജ്
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. സണ്ണി ജോസഫ്
ശ്രീ. എം.പി.വിൻസെന്റ്

ഉത്തരം :

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(എ) പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യേണ്ടതായ നിലവിലുള്ള എല്ലാ ഒഴിവുകളും, ഈ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ സർക്കാർ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇതിനായി പ്രത്യേക സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഒഴിവുകൾ ഇ-മെയിൽ വഴി പി.എസ്.സി.യെ അറിയിക്കണമെന്ന് എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 01.08.2014 മുതൽ പി.എസ്.സി.യിലേക്ക് ഇ-മെയിൽ സംവിധാനം മുഖേന മാത്രമേ ഒഴിവുകൾ റിപ്പോർട്ടു ചെയ്യാവൂ എന്ന് വകുപ്പു മേധാവികൾക്ക് നിർദ്ദേശം നൽകുന്നതിന് കമ്മീഷനും തീരുമാനിച്ചിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക്തന്നെ ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമന ശിപാർശ ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയറിന്റെ നിർമ്മാണം പി.എസ്.സി.യിൽ അന്തിമ ഘട്ടത്തിലാണ്.

(സി) ഒഴിവുകൾ ഇ-മെയിൽ വഴി പി.എസ്.സി.യെ അറിയിക്കുവാനും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുമോയെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ?

(സി)യും (ഡി)യും
ഒഴിവുകൾ ഇ-മെയിൽ വഴി പി.എസ്.സി.യെ അറിയിക്കണമെന്ന് എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ